ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസ്

223 (4847) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബഡ്ജറ്റ് നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി) സ്വന്തമായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ
നടന്ന വസ്തു രജിസ്ട്രേഷനുകൾ

224 (4848) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 സെപ്റ്റംബർ 5-ാം തീയതി വടക്കൻ പറവൂർ സബ് രജിസ്ട്രാർ ഓഫീസിൽ നടന്ന 45 ലക്ഷത്തിനു മേലെയുള്ള വസ്തു രജിസ്ട്രേഷനുകൾ ഏതൊക്കെയാണ് ; പേരുവിവരങ്ങളും തുകകളും വ്യക്തമാക്കുമോ ;

(ബി) ഇതിൽ കോടതി വ്യവഹാരം നടക്കുന്ന ഏതെങ്കിലും വസ്തുവിന്മേൽ ഇടപാട് നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.

(ബി) ഇതിൽ കോടതിയിൽ നിന്നുള്ള നിരോധന ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly